**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1571** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>കാസറഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ ടാറ്റ ഹോസ്പിറ്റൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നീലകണ്ഠൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കാസറഗോഡ് ജില്ലയിലെ ഉദുമ നിയോജകമണ്ഡലത്തിലുള്ള ചട്ടഞ്ചാൽ ടാറ്റ ഹോസ്പിറ്റൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

**<u>മറുപടി:</u>** ടാറ്റ ട്രസ്റ്റ് ഗവ.ആശുപത്രിയുടെ രോഗീ പരിചരണ വിഭാഗം നിലവിൽ പ്രവർത്തിക്കുന്നില്ല. പ്രസ്തുത സ്ഥലത്ത് പുതിയ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതിനാൽ ഓഫീസ് പ്രവർത്തനങ്ങൾ താൽകാലികമായി 15.06.2026 മുതൽ കാഞ്ഞങ്ങാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി · കോമ്പൗണ്ടിലേയ്ക്ക് മാറ്റിയിട്ടിട്ടുണ്ട്.

**(ബി)** ഇവിടെ അനുവദിച്ച തസ്തികകളിലുള്ള ഡോക്ടർമാർ അടക്കമുള്ള ജീവനക്കാർ നിലവിൽ എവിടെയാണ് ജോലി ചെയ്യുന്നത് ; അതിൽ ജില്ലയ്ക്ക് പുറത്ത് ഏതെങ്കിലും ആശുപത്രിയിൽ ജോലി ചെയ്യുന്നവരുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഈ സ്ഥാപനത്തിലേക്ക് അനുവദിച്ച 150- ഓളം ആശുപത്രി ജീവനക്കാർ കാസർഗോഡ് ജില്ലയിലെ 30 സർക്കാർ ആശുപത്രികളിൽ ജോലിക്രമീകരണ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരികയാണ്. സ്ഥാപനത്തിലെ ജീവനക്കാർ ജില്ലക്ക് പുറത്ത് ജോലി ചെയ്യുന്നില്ല.

**(സി)** പ്രസ്തുത ഹോസ്പിറ്റൽ പ്രവർത്തനരഹിതമാണെങ്കിൽ ഈ സ്ഥലം പ്രയോജനപ്പെടുത്തി ഇവിടെ പുതിയ ആശുപത്രി സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** കാസർഗോഡ് ജില്ലയിലെ ചട്ടാഞ്ചാലിലുള്ള ടാറ്റ കോവിഡ് ഹോസ്പിറ്റൽ കോമ്പൗണ്ട് പ്രയോജനപ്പെടുത്തിക്കൊണ്ട്, പ്രദേശത്തെ ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ നിലവിൽ വേഗത്തിൽ പുരോഗമിച്ചു വരികയാണ്. PM-ABHIMപദ്ധതിയിൽ ഉൾപ്പെടുത്തി 23.5 കോടി രൂപ ചെലവഴിച്ച് അവിടെ അത്യാധുനിക രീതിയിലുള്ള ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ (Critical Care Block) നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. ഇതിനുപുറമേ നാഷണൽ ഹെൽത്ത് മിഷൻ (NHM) ഫണ്ടിൽ നിന്നും 4.05 കോടി രൂപ ചെലവഴിച്ചുകൊണ്ട് നിർമ്മിക്കുന്ന പുതിയ ഒ.പി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**